# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 518

19.03.2013 ൽ മറുപടിയ്ക്ക്

## രോഗികളുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പരാലിസിസ്, വൃക്കസംബന്ധമായ രോഗങ്ങൾ, കാൻസർ തുടങ്ങിയ രോഗങ്ങൾ മൂലം ശയ്യാവലംബരായവരുടെ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിൽ 75,000 രൂപ വരെ എഴുതിത്തള്ളുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ; | (എ) വായ്പ എടുത്തശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയ്ക്ക് വിധേയരായവർ, കിഡ്നി സംബന്ധമായ രോഗങ്ങൾ ഉള്ളവർ എന്നിങ്ങനെയുള്ള രോഗങ്ങൾ പിടിപെട്ട് വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന വായ്പക്കാരുടെ വായ്പ മുതൽ 75,000/- രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതാണ്. മേൽ പരാമർശിച്ച രോഗം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാരേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന മാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകർ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടച്ചിരിക്കണം. |
| (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എഴുതിത്തള്ളുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രാബല്യം എന്നുമുതലാണ് നൽകിയിട്ടുള്ളത്; | (ബി) 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എഴുതിത്തള്ളുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല. 01.04.2008 മുതലാണ് പദ്ധതിയ്ക്ക് പ്രാബല്യമുള്ളത്. എന്നാൽ പദ്ധതി നിലവിൽ വരുന്ന തീയതിയിൽ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്ന വായ്പകൾക്ക് പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതിന് വിജ്ഞാപന തീയതി മുതൽ 3 മാസത്തിനകം 2008 ഏപ്രിൽ മാസം ഒന്നാം തീയതി നിലനിൽക്കുന്ന വായ്പ തുകയുടെ 0.2% നിരക്കിൽ പരമാവധി 200/- രൂപ ഒറ്റത്തവണ പ്രീമിയമായി അടച്ച് പദ്ധതിയിൽ ചേരാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. |
| (സി) | ദീർഘകാലമായി ഇത്തരം രോഗം ബാധിച്ച കിടപ്പിലായവരുടെ വായ്പത്തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ? | (സി) | 30.03.2012 ൽ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തിയാണ് മാരകരോഗം ബാധിച്ചവരുടെ നിശ്ചിത തുക എഴുതിത്തള്ളാൻ വ്യവസ്ഥ ഉൾപ്പെടുത്തിയത്. 30.03.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരക രോഗം ബാധിച്ചവർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. റിസ്ക് ഫണ്ട് പദ്ധതിയിലെ വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ദീർഘകാലമായി രോഗം ബാധിച്ച് കിടപ്പിലായവരുടെ വായ്പ തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ